LIBRARY ARCHIVES Kerala Legislative Assembly

വർഷം	വിറ്റവില
2006-2007	3143.29 കോടി രൂപ
2007-2008	3669.49 കോടി രൂപ
2008-2009	4631.00 കോടി രൂപ
2009-2010	5539.85 കോടി രൂപ
2010-2011	
(ഏപ്രിൽ-ജൂൺ)	1581.89 കോടി രൂപ
ആകെ	18565.52 കോടി രൂപ

(ബി) മദ്യവിൽപ്പന വഴി ഓരോ വർഷവും സർക്കാരിന് ചുവടെ കാണുംപ്രകാരം വരുമാനം വന്നിട്ടുണ്ട്.

വർഷം	വരുമാനം
2006-2007	2424.74 കോടി രൂപ
2007-2008	2914.28 കോടി രൂപ
2008-2009	3621.15 കോടി രൂപ
2009-2010	4260.27 കോടി രൂപ
2010-2011	
(ഏപ്രിൽ-ജൂൺ)	373.89 കോടി രൂപ
ആകെ	13594.33 കോടി രൂപ

ബിവറേജസ് കോർപ്പറേഷന്റെ ഔട്ട്‌ലെറ്റുകൾ

81 (5486) ശ്രീ. എൻ. അനിരുദ്ധൻ:
ശ്രീ. ബാബു പോൾ :
ശ്രീ. കെ. അജിത് :
ശ്രീ. എ. കെ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ ഇപ്പോൾ ബിവറേജസ് കോർപ്പറേഷന്റെ എത്ര ഔട്ട് ലെറ്റുകൾ പ്രവർത്തിക്കുന്നുണ്ട് ;

(ബി) ഈ ഔട്ട്‌ലെറ്റുകളിൽ കൂടി പ്രതിദിനം ശരാശരി എത്ര കോടി രൂപയുടെ മദ്യം വിൽപ്പന നടത്തുന്നുണ്ടെന്ന് വെളിപ്പെടുത്തുമോ ;

(സി) കേരളത്തിൽ മദ്യവിൽപ്പനയുടെ അളവിലും വരുമാനത്തിലും പ്രതിമാസം ശരാശരി എത്ര ശതമാനം വർദ്ധനവുണ്ടാകുന്നുവെന്ന് കണക്കാക്കിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ എത്ര ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 338 എഫ്.എൽ 1 ഷോപ്പുകൾ പ്രവർത്തിക്കുന്നുണ്ട്.

(ബി) കെ.എസ്.ബി.സി ഷോപ്പുകളിൽ കൂടി പ്രതിദിനം 12.15 കോടി രൂപയുടെ മദ്യവിൽപ്പന നടക്കുന്നുണ്ട്.

(സി) ഉണ്ട്. 2010-2011 വർഷത്തിൽ കെ.എസ്.ബി.സി വഴിയുള്ള മദ്യ വിൽപ്പനയുടെ അളവിലും വരുമാനത്തിലും ഉള്ള പ്രതിമാസ വർദ്ധനവ് ചുവടെ ചേർക്കുന്നു:

	2009 വില്പന (IMFL+Beer) (കെയ്സ്-ലക്ഷത്തിൽ)	2010 വില്പന (IMFL+Beer) (കെയ്സ്-ലക്ഷത്തിൽ)	വർദ്ധന%	2009 വില്പന വില (കോടിയിൽ)	2010 വില്പന വില (കോടിയിൽ)	വർദ്ധനവ്
ഏപ്രിൽ	23.75	24	1.05 %	460.76	526.16	14.19
മേയ്	25.29	25.95	2.61 %	484.32	554.68	14.53
ജൂൺ	19.73	22.78	15.46 %	398.02	501.05	25.83
	68.77	72.73		1343.10	1581.89	

മദ്യവിൽപ്പനയിലൂടെ ഓരോ വർഷവുമുണ്ടായ വരുമാന വർദ്ധന

82 (5487) ശ്രീ. സി. ടി. അഹമ്മദ് അലി :
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് :
ശ്രീ. യു. സി. രാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മദ്യവിൽപ്പന യിലൂടെ ഓരോ വർഷവുമുണ്ടായ വരുമാന വർദ്ധന ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) മദ്യപാനത്തോതിലെ വർദ്ധനയാണോ, മദ്യപരുടെ എണ്ണത്തിലുള്ള വർദ്ധനയാണോ ഇതിനുകാരണമെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ ;

(സി) മദ്യവിൽപ്പനയിൽ നിന്നുള്ള വരുമാനവർദ്ധന, സർക്കാർ നടപ്പിലാക്കുന്ന ബോധവൽക്കരണത്തിന്റെ പരാജയമാണെന്ന് കരുതുന്നുണ്ടോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) എക്സൈസ് വകുപ്പിന്റെ ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾമൂലം വ്യാജമദ്യത്തിന്റെ ഉൽപ്പാദനം, വിതരണം, വിപണനം എന്നിവ വലിയ ഒരളവിൽ നിയന്ത്രിക്കാൻ സാധിച്ചിട്ടുണ്ട് എന്നതിന്റെ